# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 62 01/12/2014ൽ മറുപടി നൽകേണ്ടിയിരുന്നത്

<u>അന്തിമ മറുപടി</u>

### <u>ആലപ്പുഴ ജില്ലയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റുകളുടെ വിശദാംശങ്ങൾ</u>

| <u>ചോദ്യം</u> : | <u>ഉത്തരം</u> : |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) നിലവിലുള്ള പി.എസ്.സി. ഷോർട്ട് ലിസ്റ്റുകളുടെയും റാങ്ക് ലിസ്റ്റുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) 12.12.2014-ൽ നിലവിലുള്ള പി.എസ്.സി. ഷോർട്ട് ലിസ്റ്റുകൾ 421, റാങ്ക് ലിസ്റ്റുകൾ 2164 എന്നിവയാണ്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ആലപ്പുഴ ജില്ലയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) ആലപ്പുഴ ജില്ലയിൽ 8 ഷോർട്ട് ലിസ്റ്റുകളും 25 റാങ്ക് ലിസ്റ്റുകളും നിലവിലുണ്ട്. |
| (സി) ആലപ്പുഴ ജില്ലാ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്യപ്പെട്ട വിവിധ തസ്തികകളിലേയ്ക്കുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) ഒഴിവ് റിപ്പോർട്ട് ചെയ്യപ്പെട്ട കാലയളവ് വ്യക്തമാക്കാത്തതിനാൽ വിശദവിവരം ലഭ്യമാക്കാൻ നിർവ്വാഹമില്ല. |
| (ഡി)എച്ച്.എസ്.എസ്.ടി. ഫിസിക്സ്, കെമിസ്ട്രി, കണക്ക് വിഭാഗങ്ങളിൽ പി.എസ്.സി. പരീക്ഷയും ഇന്റർവ്യൂവും നടത്തിയെങ്കിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി)യും (ഇ)യും<br>എച്ച്.എസ്.എസ്.ടി. ഫിസിക്സ്, കെമിസ്ട്രി, കണക്ക് എന്നീ തസ്തികകളുടെ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ഇ) ഈ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | |
| (എഫ്) ആലപ്പുഴ ജില്ലയിൽ എൽ.ഡി.സി. തസ്തികയിൽ നിലവിൽ പി.എസ്.സി. ലിസ്റ്റിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആലപ്പുഴ എൽ.ഡി.സി. തസ്തികയിൽ ആകെ 454 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്